125/LSE/18

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

നം: ഡിബി3-5068/2017/സി.ഇ/തസ്വഭവ

തീയതി: 06/04/2018

# സർക്കുലർ

വിഷയം:- തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ തുക ചെലവഴിച്ചതിനെ സംബന്ധിച്ചുള്ള പുരോഗതി

2017-18 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം 04.04.2018-ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ടി യോഗത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം 2018 മാർച്ച് 31 വരെ നടപ്പിലാക്കി ധനവിനിയോഗം നടത്തിയിട്ടുള്ള വിവരങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളിൽ എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ധനവിനിയോഗം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികളെ അപേക്ഷിച്ച് പിന്നോക്കം നിൽക്കുന്നതായി യോഗം നിരീക്ഷിച്ചതിന്റെ സാഹചര്യത്തിലാണ്, ഈ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പ്രവൃത്തികളുടെ ധനവിനിയോഗത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശതമാന അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്.

ടി വിവരങ്ങൾ ശേഖരിക്കുന്നതിനായി ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.celsgd.kerala.gov.in -ന്റെ 'Project Review' പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള Proforma P-1025-ൽ 09.04.2018-ാം തീയതി 1.00 PM -ന് മുൻപായി സമർപ്പിക്കേണ്ടതാണ്. ടി Proforma-ൽ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട് (Road & Non Road) വിനിയോഗിച്ച് ചെയ്തിട്ടുള്ള പദ്ധതികളുടെ വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്. ടി Proforma-ൽ രേഖപ്പെടുത്തുന്ന വിവരങ്ങൾ സർക്കാർ സുലേഖ സോഫ്റ്റ് വെയറിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുമായി താരതമ്യം ചെയ്യുന്നതാണ്. ആയതിനാൽ കൃത്യമായ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നത് അതാത് കാര്യാലയത്തിലെ സാങ്കേതിക വിഭാഗം മേധാവിയുടെ ചുമതലയാണ്. ടി Proforma-ൽ തുകകൾ രേഖപ്പെടുത്തേണ്ടത് ലക്ഷത്തിലാണ്. ഇക്കാര്യം പല ഉദ്യോഗസ്ഥരും പലപ്പോഴും ശ്രദ്ധിക്കുന്നില്ല എന്നത് ഖേദകരമാണ്.

കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത് എന്നീ എഞ്ചിനീയറിംഗ് വിഭാഗം കാര്യാലയങ്ങൾ മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അതാത് കാര്യാലയങ്ങളിൽ നിന്നുമാണ് രേഖപ്പെടുത്തേണ്ടത്. ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്ത് കാര്യാലയങ്ങളിൽ നിന്നുമാണ് രേഖപ്പെടുത്തേണ്ടത്. ടി പ്രൊഫോർമയിൽ മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ള വിവരങ്ങൾ കൃത്യതയോടെ സമയബന്ധിതമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് അതാത് മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നു. ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ കൃത്യതയോടെ സമയബന്ധിതമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നു.

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

P 487